# പോലീസ് വകുപ്പ്

## കേരളം

**No. G2(a)-97328/2016/P**

ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 13-03-2018

**ലേല പരസ്യം**

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന ഉപയോഗ ശൂന്യമായ പോലീസ് ക്വാർട്ടേഴ്സ് കെട്ടിടം (നമ്പർ III/731,III/732,III/733, III/734) ലേലം ചെയ്തു പൊളിച്ച് നീക്കുന്നതിനായി 26/03/2018 തിയതി രാവിലെ 11.00 മണിക്ക് വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ 6000/- രൂപ ( ആറായിരം രൂപ മാത്രം) ലേല സ്ഥലത്ത് അടച്ച് രസീതി വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ സംഖ്യ അടച്ചതിന്റെ ഡിമാണ്ട് ഡ്രാഫ്റ്റ് (പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ എടുത്തത്) സഹിതം 20/03/2018 തിയതി ഉച്ചയ്ക്ക് 3.00മണി വരെ ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ആലത്തൂർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്തു " പോലീസ് ഡിപ്പാർട്ട്മെൻറ് വക പഴയ വടക്കഞ്ചേരി പോലീസ് ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നല്കിയിട്ടുള്ളവർ ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാക്കേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽകാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽകാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതി അടച്ച് രസീതി വാങ്ങേണ്ടതും ബാക്കി തുക (നിരതദ്രവ്യം കഴിച്ച്) 18% ജിഎസ്ടി ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതികളും അടച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്ത് ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിന് മുതൽ കൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും എന്നാൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ പ്രവൃത്തി ദിവസങ്ങളിൽ 11 മുതൽ 4 മണിവരെ വടക്കഞ്ചേരി ഇൻസ്പെക്ടർ എസ്എച്ച്ഒ വിൻറെ മുൻകൂർ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുൻ അറിയിപ്പോ കരണമോ കാണിക്കാതെ ലേല തിയ്യതി മാറ്റി വെയ്ക്കുന്നതിനോ ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

പ്രതീഷ് കുമാർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

G2(a)-97328/2016/P
18f2d8

| | | |
|---|---|---|
| സ്വീകർത്താവ് | : | പാലക്കാട് ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും വേണ്ടത്ര പ്രചാരണത്തിനായി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പാലക്കാടിന്റെ വേണ്ടത്ര പ്രചാരണത്തിനായി, ക്യാഷ്യർ ഡിപിഒ - നിരതദ്രവ്യം സ്വീകരിക്കുന്നതിനായി ബോർഡ് മെമ്പർമാർക്ക് അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഡിസിആർബി ക്ക് ഓൺലൈൻ പത്രപരസ്യത്തിനായി. |
| പകർപ്പ് | : | ഡെപ്യൂട്ടി സൂപ്രണ്ട്( ഭരണം), സീനിയർ എഎ, മാനേജർ, എ.ഓ ഡിപിഒ അറിവിലേക്കായി. |

Internal Administrative Processing System iAPS KERALA POLICE